# നന്മ കൽപിക്കുക തിന്മ വിരോധിക്കുക

**സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി**

മനുഷ്യന് അല്ലാഹു നൽകിയ വലിയ അനുഗ്രഹങ്ങളിൽ പെട്ട ഒന്നാണ് എന്താണ് നന്മ, എന്താണ് തിന്മ എന്നു വിവേചിച്ചറിയുവാനുള്ള സവിശേഷ ബുദ്ധിയെന്നുള്ളത്. അതിലൂടെ നന്മകൾ ചെയ്യുവാനും, തിന്മകളിൽ നിന്ന് വിട്ട് നിൽക്കുവാനും ബുദ്ധിയുള്ള ഓരോ മനുഷ്യനും പരിശ്രമിക്കാറുണ്ട്. എന്താണ് നന്മ, എന്താണ് തിന്മയെന്ന് അല്ലാഹു അവന്റെ പ്രവാചകൻമാരിലൂടെ കാലാകാലങ്ങളിൽ മനുഷ്യ സമൂഹത്തെ പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യനെ സൃഷ്ടിച്ച സൃഷ്ടാവിന് മാത്രമെ മനുഷ്യന് ആത്യന്തികമായ നന്മയേതെന്നും, തിന്മയേതന്നും വ്യക്തമായി തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. അത്കൊണ്ട് തന്നെ പ്രവാചകൻമാരിലൂടെ അല്ലാഹു പഠിപ്പിച്ച നന്മകൾ ചെയ്യുകയും, തിന്മകളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യണം. ഇസ്ലാം പഠിപ്പിക്കുന്ന നന്മയിൽ പെട്ടതാണ് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്നത്. താൻ മനസിലാക്കിയ നന്മ മറ്റുള്ളവർക്ക് പഠിപ്പിക്കുകയും, അവരെ തിന്മയിൽ നിന്ന് തടയുകയും ചെയ്യേണ്ടത് ഓരോ മുസ്ലിമിന്റെയും നിർബ്ബന്ധബാധ്യതയാണ്. ഓരോ വിശ്വാസികളും തന്റെ കഴിവിനനുസരിച്ച് അത് നിർവ്വഹിക്കേണ്ടതുണ്ട്. അതിനെ സംബന്ധിച്ചാണ് ചില കാര്യങ്ങൾ ഉണർത്തുവാൻ ആഗ്രഹിക്കുന്നത്.

നന്മ കൽപിക്കുന്നതിന്റെയും, തിന്മ വിരോധിക്കുന്നതിന്റെയും പ്രാധാന്യത്തെ സബന്ധിച്ച് ഖുർആൻ പറയുന്നു:

كُنتم خير أُمة أُخرجت للناسِ تأمرونَ بِالْمعروف وتنهونَ عن الْمنكرِ وتؤمنونَ بِالله

'മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. ' (ആലുഇംറാൻ: 110).

മറ്റൊരിടത്ത് ഖുർആൻ പറയുന്നു:

والْمؤمنونَ والْمؤمنات بعضهم أَولياءُ بعضٍ يأمرونَ بِالْمعروف وينهونَ عن الْمنكرِ ويقيمونَ الصلَاةَ ويؤتونَ الزكَاةَ ويطيعونَ الله ورسولَه أُولَئك سيرحمهم الله إِن الله عزيز حكيم

'സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്'. (തൗബ: 71).

മുസ്ലീം സമൂഹത്തിന്റെ ഒരു അടയാളമാണ് താൻ പഠിച്ച നന്മകൾ മറ്റുള്ളവർക്ക് പകർന്ന് നൽകുകയും, തിന്മകൾ ചെയ്യുന്നവരെ അതിൽ നിന്ന് തടയുകയും ചെയ്യുകയെന്നത്. അല്ലാത്തവർ നഷ്ടക്കാരികളാണെന്നാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്.

والْعصرِ*إِن الْإِنسانَ لَفي خسرٍ*إِلا الذين آمنوا وعملُوا الصالحات وتواصوا بِالْحق وتواصوا بِالصبرِ

'കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.' (അൽഅസ്വ്ർ: 1-3 )

**ശ്രേഷ്ഠതകൾ**

1- പ്രവാചകൻമാരുടെ പ്രവർത്തനം

അല്ലാഹു നിയോഗിച്ചയച്ചിട്ടുള്ള മുഴുവൻ പ്രവാചകൻമാരുടെയും പ്രവർത്തനം നന്മ കൽപിക്കുകയും തിൻമ വിരോധിക്കുകയുമായിരുന്നു. ആവർ ആദ്യം തുടങ്ങിയത് ജനങ്ങളോട് ഏറ്റവും വലിയ നന്മയായ തൗഹീദ് പറഞ്ഞ് കൊണ്ടായിരുന്നു, അതോടൊപ്പം തന്നെ ഏറ്റവും വലിയ തിന്മയായ ശിർക്കിൽ നിന്ന് നിങ്ങൾ വിട്ട് നിൽക്കണമെന്ന് കൂടി അവർ വളരെ പ്രാധാന്യത്തോടെ ജനങ്ങളെ ഗുണദോഷിച്ചു. അല്ലാഹു പറയുന്നു:

ولَقَد بعثْنا في كُل أُمة رسولًا أَنْ اُعبدوا الله واجتنِبوا الطاغُوت فَمنهم من هدى الله ومنهم من حقت علَيه الضلَالَةُ فَسِيروا في الْأَرضِ فَانظُروا كَيف كَانَ عاقبةُ الْمكَذِّبِين

'തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചുതള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക' (നഹ്ൽ: 36).

2- വിശ്വാസികളുടെ വിശേഷണം

പശ്ചാതാപിക്കുകയും, അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവനെ സ്തുതിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ സ്വഭാത്തിൽ നന്മ കൽപിക്കുക, തിന്മ വിരോധിക്കുകയെന്ന സ്വഭാവം കൂടി ഉണ്ടാവേണ്ടതുണ്ട് എന്ന് ക്വുർആൻ പറയുന്നു:

التائبونَ الْعابِدونَ الْحامدونَ السائحونَ الراكعونَ الساجِدونَ الْآمرونَ بِالْمعروف والنـاهونَ عن الْمنكَرِ والْحافظُونَ لحدود الله وبشر الْمؤمنِين

'പശ്ചാത്തപിക്കുന്നവർ, ആരാധനയിൽ ഏർപെടുന്നവർ, സ്തുതി കീർത്തനം ചെയ്യുന്നവർ, (അല്ലാഹുവിന്റെ മാർഗത്തിൽ) സഞ്ചരിക്കുന്നവർ, കുമ്പിടുകയും സാഷ്ടാംഗം നടത്തുകയും ചെയ്യുന്നവർ, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ അതിർവരമ്പുകളെ കാത്തുസൂക്ഷിക്കുന്നവർ. (ഇങ്ങനെയുള്ള) സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക' (തൗബ: 112).

3– സ്വാലിഹീങ്ങളുടെ അടയാളം

ആരാണ് സ്വാലിഹീങ്ങൾ എന്ന് അല്ലാഹു ഖുർആനിലൂടെ പഠിപ്പിക്കുന്നത് നാം കാണുക:

يؤمنونَ بِالله والْيومِ الْآخرِ ويأمرونَ بِالْمعروف وينهونَ عن الْمنكرِ ويسارِعونَ في الْخيرات وأُولَئك من الصالحين

'അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, സദാചാരം കൽപിക്കുകയും. ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നല്ല കാര്യങ്ങളിൽ അത്യുത്സാഹം കാണിക്കുകയും ചെയ്യും. അവർ സജ്ജനങ്ങളിൽ പെട്ടവരാകുന്നു' (ആലുഇംറാൻ: 114)..

4– ഉത്തമരായവർ

ജനങ്ങൾക്ക് വേണ്ടി അല്ലാഹു പുറത്ത്കൊണ്ടുവന്നിട്ടുള്ള ഏറ്റവും ഉത്തമ രായവരാണ് മുസ്ലിംകൾ, പക്ഷേ, ഈ ഗുണത്തിന് അർഹരാവുന്നവർ നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുന്നവരാണെന്ന് ഖുർആൻ സ്ഥാപിക്കുന്നു.

كُنتم خير أُمة أُخرجت للناسِ تأمرونَ بِالْمعروف وتنهونَ عن الْمنكرِ وتؤمنونَ بِالله

'മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. ' (ആലുഇംറാൻ: 110).

5–സ്വാധീനം ലഭ്യമാവും

നമസ്കാരം നിലനിർത്തുകയും, സകാത്ത് നൽകുകയും നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുകയാണെങ്കിൽ ഭൂമിയിൽ സ്വാധീനം ലഭ്യമാവുമെന്നാണ് അല്ലാഹു നമ്മെ ഖുർആനിലൂടെ പഠിപ്പിക്കുന്നത്.

الذين إِنْ مكناهم في الْأَرضِ أَقَاموا الصلَاةَ وآتوا الزكَاةَ وأَمروا بِالْمعروف ونهوا عن الْمنكرِ ولله عاقبةُ الْأُمورِ

'ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, സദാചാരം സ്വീകരിക്കാൻ കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ അവർ (ആ മർദ്ദിതർ). കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിന്നുള്ളതാകുന്നു' (ഹജ്ജ്: 41).

6– മഹത്തായ പ്രതിഫലം

لَا خير في كَثيرٍ من نجواهم إِلَا من أَمر بِصدقَة أَو معروف أَو إِصلَاحٍ بين الناسِ ومن يفْعـلْ ذَلك ابتغاءَ مرضاة الله فَسوف نؤتيه أَجرا عظيما

'അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നൻമയുമില്ല. വല്ല ദാനധർമ്മവും ചെയ്യാനോ, സദാചാരം കൈക്കൊള്ളാനോ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപിക്കുന്ന ആളുകളുടെ വാക്കുകളിലൊഴികെ. വല്ലവനും അല്ലാഹുവിന്റെ പൊരുത്തം തേടിക്കൊണ്ട് അപ്രകാരം ചെയ്യുന്ന പക്ഷം അവന് നാം മഹത്തായ പ്രതിഫലം നൽകുന്നതാണ്' (നിസാഅ്: 114).

عن أَبِي هريرةَ أَن رسولَ الله صلى الله علَيه وسلم قَالَ من دعا إِلَى هدى كَانَ لَه من الْأَجرِ مثْلُ أُجورِ من تبِعه لَا ينقُص ذَلك من أُجورِهم شيئًا

അബൂഹുറൈറ(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറയുന്നു: 'ആരെങ്കിലും ഒരു നന്മയിലേക്ക് ക്ഷണിച്ചാൽ, ആ നന്മ പിൻപറ്റിയവന്റെ പ്രതിഫലത്തിൽ നിന്ന് ഒട്ടും കുറയാതെ അതിലേക്ക് ക്ഷണിച്ചവനും അതുപോലെ പ്രതിഫലം ലഭിക്കുന്നതാണ്' (മുസ്ലിം)

7- വിജയികളാവാം

ولْتكُن منكُم أُمةٌ يدعونَ إِلَى الْخيرِ ويأْمرونَ بِالْمعروف وينهونَ عن الْمنكَرِ وأُولَئـك هـم الْمفْلحونَ

'നൻമയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ.' (ആലുഇംറാൻ: 104).

8- മകനുള്ള ഉപദേശം

മഹാനായ ലുഖ്മാൻ(عليه السلام) തന്റെ പൊന്നുമോനോട് ഏറ്റവും വലിയ ഉപദേശം നൽകുന്നു, നീ ഒരിക്കലും ശിർക്ക് ചെയ്യരുത്, അത് ഏറ്റവും വലിയ പാപമാകുന്നു. അതുപോലെ നമസ്കാരം നിർവ്വഹിക്കുന്നതോടൊപ്പം തന്നെ നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുകയെന്ന് കൂടി പഠിപ്പിക്കുന്നു:

وإِذْ قَالَ لُقْمانُ لابنِه وهو يعظُه يابني لَا تشرِك بِالله إِن الشرك لَظُلْم عظيم

'ലുഖ്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.' (ലുഖ്മാൻ: 13)

يابني أَقم الصلَاةَ وأْمر بِالْمعروف وانه عن الْمنكَرِ واصبِر علَى ما أَصابك إِن ذَلك من عزمِ الْأُمورِ

'എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്' (ലുഖ്മാൻ: 17).

9- കഴിവിനനുസരിച്ച്

പ്രബോധനം ഓരോ മുസ്ലിമിന്റെയും നിർബ്ബന്ധ ബാധ്യതയാണ്, കഴിവിനനുസരിച്ച് ഓരോ മുസ്ലിമും അത് പാലിക്കേണ്ടതുണ്ട്. അതിനെ സംബന്ധിച്ച് വിശദീകരിക്കുന്ന പ്രവാചക വചനം ശ്രദ്ധിക്കുക:

فَقَالَ أَبو سعيد سمعت رسولَ الله صلى الله علَيه وسلم يقُولُ من رأَى منكُم منكَرا فَلْيغيره بِيده فَإِنْ لَم يستطع فَبِلسانِه فَإِنْ لَم يستطع فَبِقَلْبِه وذَلك أَضعف الْإِيمان

അബൂസഈദിൽ(ﷺ) നിന്നും, റസൂലുല്ലാഹ്(ﷺ) പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'നിങ്ങളിൽ ആരെങ്കിലും ഒരു തിന്മ കണ്ടാൽ കഴിയുമെങ്കിൽ അത് കൈ കൊണ്ട് തടുക്കുക, അതിന് സാധിച്ചില്ലായെങ്കിൽ നാവ് കൊണ്ട് തടയുക, അതിനും സാധ്യമല്ലായെങ്കിൽ ഹൃദയം കൊണ്ട് (വെറുക്കുക) തടയുക അത് വിശ്വാസത്തിലെ ഏറ്റവും ചെറിയ അംശ മാകുന്നു' (മുസ്ലിം)

10– ഉത്തരം ലഭ്യമാവാൻ

عن حذَيفَةَ بنِ الْيمان عنِ النبِي صلى الله علَيه وسلم قَالَ والَّذي نفْسِي بِيده لَتأْمرن بِالْمعروف ولَتنهون عنِ الْمنكَرِ أَو لَيوشكَن الله أَنْ يبعثَ علَيكُم عقَابا منه ثُم تدعونه فَلَا يستجاب لَكُم

ഹുദൈഫത്തുബ്നുൽ യമാനി(ﷺ)യിൽ നിന്നും, നബി(ﷺ) പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! നിങ്ങൾ നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യൽ അനിവാര്യാമണ്, അല്ലായെങ്കിൽ അല്ലാഹു നിങ്ങൾക്ക് അവന്റെ ശിക്ഷയെ അയക്കുന്നതാണ്, അതിന് ശേഷം നിങ്ങൾ പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് ഉത്തരം ലഭിക്കുകയില്ല' (തിർമിദി, അൽബാനി ഹസനാക്കിയ ഹദീസാണ്).

**അപകടങ്ങൾ**

വിശ്വാസികളുടെ ബാധ്യതയായ പ്രബോധനം നടത്തുന്നില്ലായെങ്കിൽ ഒരുപാട് അപകടങ്ങൾക്ക് വിധേയമാകുമെന്ന് പ്രവാചകൻ(ﷺ) നമ്മെ ഒരു ഉദാഹരണത്തിലൂടെ ഉണർത്തുന്നത്:

سمع النعمانَ بن بشيرٍ رضي الله عنهما يقُولُ قَالَ النبِي صلى الله علَيه وسلم مثَلُ الْمدهنِ في حدود الله والْواقعِ فيها مثَلُ قَومٍ استهموا سفينةً فَصار بعضهم في أَسفَلها وصار بعضهم في أَعلَاها فَكَانَ الذي في أَسفَلها يمرونَ بِالْماءِ علَى الذين في أَعلَاها فَتأَذوا بِه فَأَخذَ فَأْسا فَجعلَ ينقُر أَسفَلَ السفينة فَأَتوه فَقَالُوا ما لَك قَالَ تأَذيتم بِي ولَا بد لي من الْماءِ فَإِنْ أَخذُوا علَى يديه أَنجوه ونجوا أَنفُسهم وإِنْ تركُوه أَهلَكُوه وأَهلَكُوا أَنفُسهم

നുഅ്മാനുബ്നു ബഷീർ(ﷺ)വിൽ നിന്ന്, നബി(ﷺ) പറയുന്നതായി കേൾക്കുകയുണ്ടായി: 'അല്ലാഹുവിന്റെ നിയമങ്ങളെ ധിക്കരിക്കുന്നതിനെതിരെ കണ്ണടക്കുന്നവർ അതിൽ വീഴുന്നവരാണ്, ഒരു സമൂഹം കപ്പലിൽ എവിടെ താമസിക്കണമെന്നതിന് നറുക്കെടുക്കുകയും, ചിലർ അടിയിലെ തട്ടിലും, മറ്റു ചിലർ മുകളിലുമായി, അങ്ങിനെ താഴ്ഭാഗത്ത് താമസിക്കുന്നവർ വെള്ളമെടുക്കുവാൻ മുകളിലേക്ക് പോകണം, അതവർക്ക് ബുദ്ധിമുട്ടായി തോന്നി, അങ്ങിനെ അവരിൽ

ഒരാൾ ഒരു മഴുവെടുത്ത് കപ്പലിന്റെ അടിഭാഗത്ത് ഒരു വിടവുണ്ടാക്കുവാൻ ആരംഭിച്ചു, ജനങ്ങളെല്ലാം വന്ന് കൊണ്ട് അവനോട് ചോദിച്ചു: നിനക്കെന്താണ്? അവൻ പറയുകയുണ്ടായി: നിങ്ങൾ ഒരുപാട് ബുദ്ധിമുട്ടുകയുണ്ടായി, എനിക്കാണെങ്കിൽ വെള്ളം അനിവാര്യവുമാണ് (അത് പരിഹരിക്കാൻ ഞാൻ ഇവിടെ ഒരു വിടവുണ്ടാക്കുന്നു) അവന്റെ കൈ അവർ പിടിക്കുകയാണെങ്കിൽ അവനും, അവരും രക്ഷപ്പെടും, അവന്റെ ഇംഗിതത്തിന് വിടുകയാണെങ്കിൽ അവനും അവരും നശിക്കുന്നതാണ്' (ബുഖാരി)

വിശദീകരിക്കേണ്ടതില്ലാത്തവിധം വളരെ വ്യക്തമാണ് ഈ ഹദീസ്. അതായത് തിന്മകൾ കാണുമ്പോൾ അതിനെതിരെ കണ്ണടക്കുകയെന്ന് സമൂഹത്തിന്റെ മൊത്തം നാശത്തെ ക്ഷണിച്ച് വരുത്തുകയാണ് ചെയ്യുന്നത്. അത്കൊണ്ട് തിന്മകളെ നിർമാർജനം ചെയ്യുന്നതിൽ നാം മുന്നേറുക, നന്മയുടെ വക്താക്കളാവുകയും, അതിന്റെ പ്രചാരകരുമാവുക എങ്കിൽ നമുക്കെല്ലാവർക്കും രക്ഷപ്പെടാൻ സാധിക്കുന്നതാണ്.

واتقُوا فتنةً لَا تصيبن الذين ظَلَموا منكُم خاصةً واعلَموا أن الله شديد الْعقَابِ

'ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക' (അൻഫാൽ: 25)

عن حذَيفَةَ بنِ الْيمان أن النبِي صلى الله علَيه وسلم قَالَ والـذي نفْسِـي بِيـده لَتـأمرن بِالْمعروف ولَتنهون عنِ الْمنكَرِ أو لَيوشكَن الله أنْ يبعثَ علَيكُم عقَابا من عنده ثُم لَتدعنـه فَلَا يستجِيب لَكُم

ഹുദൈഫത്തുബ്നൽ യമാനി(ﷺ)യിൽ നിന്നും, നബി(ﷺ) പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! നിങ്ങൾ നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യൽ അനിവാര്യാമണ്, അല്ലായെങ്കിൽ അല്ലാഹു നിങ്ങൾക്ക് അവന്റെ ശിക്ഷയെ അയക്കുന്നതാണ്, അതിന് ശേഷം നിങ്ങൾ പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് ഉത്തരം ലഭിക്കുകയില്ല' (അഹ്മദ്).

തിന്മക്കെതിരെ കണ്ണടച്ചവരെ ശിക്ഷിച്ചതായി അല്ലാഹു പറയുന്നു:

واسأَلْهم عن الْقَرية التي كَانت حاضرةَ الْبحرِ إِذْ يعدونَ في السبت إِذْ تأْتيهم حيتانهم يوم سبتهم شرعا ويوم لَا يسبِتونَ لَا تأْتيهم كَذَلك نبلُوهم بِما كَانوا يفْسقُونَ

'കടൽത്തീരത്ത് സ്ഥിതിചെയ്തിരുന്ന ആ പട്ടണത്തെപ്പറ്റി നീ അവരോട് ചോദിച്ച് നോക്കൂ. (അതായത്) ശബ്ബത്ത് ദിനം (ശനിയാഴ്ച) ആചരിക്കുന്നതിൽ അവർ അതിക്രമം കാണിച്ചിരുന്ന സന്ദർഭത്തെപ്പറ്റി. അവരുടെ ശബ്ബത്ത് ദിനത്തിൽ അവർക്ക് ആവശ്യമുള്ള മത്സ്യങ്ങൾ വെള്ളത്തിനു മീതെ തലകാണിച്ചുകൊണ്ട് അവരുടെ അടുത്ത് വരുകയും അവർക്ക് ശബ്ബത്ത് ആചരിക്കാനില്ലാത്ത ദിവസത്തിൽ അവരുടെ അടുത്ത് അവ വരാതിരിക്കുകയും ചെയ്തിരുന്ന സന്ദർഭം. അവർ ധിക്കരിച്ചിരുന്നതിന്റെ ഫലമായി അപ്രകാരം നാം അവരെ പരീക്ഷിക്കുകയായിരുന്നു' (അഅ്റാഫ്: 163).

عن خالد وإنا سمعنا النبي صلى الله عليه وسلم يقُولُ إن الناس إِذَا رأوا الظالم فَلَم يأْخذُوا علَى يديه أوشك أَنْ يعمهم الله بِعقَابٍ و قَالَ عمرو عن هشيمٍ وإني سمعت رسولَ الله صلى الله عليه وسلم يقُولُ ما من قَومٍ يعملُ فيهم بِالْمعاصي ثُم يقْدرونَ علَى أَنْ يغيروا ثُم لَا يغيروا إِلا يوشك أَنْ يعمهم الله منه بِعقَابٍ

ഖാലിദ്(ﷺ)വിൽ നിന്ന്, നബി(ﷺ) പറയുന്നു: 'ജനങ്ങൾ അക്രമിയെ കണ്ടിട്ട് അവന്റെ കൈകൾ പിടിക്കു(അക്രമം തടയുക)ന്നില്ലായെങ്കിൽ അല്ലാഹു അവരിൽ മുഴുവനും ശിക്ഷയിറക്കുന്നതാണ്'. അംറ്(ﷺ) ഹുശൈമിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറയുന്നതായി ഞാൻ കേട്ടു: 'ഒരു സമൂഹത്തിൽ അക്രമം പ്രവർത്തിക്കുന്ന വരുണ്ടാവുകയും, ആ അക്രമികളെ മാറ്റുവാൻ കഴിവുണ്ടായിരിക്കെ അവരെ മാറ്റുകയും, നന്നാക്കുകയും ചെയ്യുന്നില്ലായെങ്കിൽ ആ സമൂഹത്തിൽ ഒന്നാകെ അല്ലാഹു ശിക്ഷയിറക്കുന്നതാണ്' (അബൂദാവൂദ്– അൽബാനി സ്വഹീഹാണെന്ന് അഭിപ്രായപ്പെട്ടു).

**രക്ഷ നേടാം**

ജനങ്ങൾക്കിടയിൽ അവരുടെ ഉപദ്രവങ്ങളും, പരിഹാസങ്ങളും എല്ലാം സഹിച്ച് നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുന്നവരെ ആക്ഷേപിക്കുകയും, പരിഹസിക്കുകയും ചെയ്യുന്നവർ ചോദിക്കാറുണ്ട്, നിങ്ങൾ എന്തിനാണ് അവരെ ഉപദേശിക്കുന്നത്, അവർ ചെയ്യുന്നതിന് അല്ലാഹു ശിക്ഷിക്കുകയോ, അവർക്ക് പൊറുത്തു കൊടുക്കുകയോ ചെയ്യുന്നതാണ്. നിങ്ങൾ അവരെ ഉപദേശിക്കുവാൻ പോകേണ്ടതില്ല. പ്രബോധനം നടത്തുന്നവർ അതിന് മറുപടി പറയുന്നത് അല്ലാഹുവിൽ ഞങ്ങൾക്ക് രക്ഷ ലഭിക്കുവാൻ വേണ്ടിയാണ്. ഞങ്ങൾ ഞങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിച്ചുവെന്ന് പരലോകത്ത് ബോധ്യപ്പെടുത്തുവാനുമാണ്.

وإِذْ قَالَت أُمةٌ منهم لم تعظُونَ قَوما الله مهلكُهم أَو معذبهم عذَابا شديدا قَالُوا معذرةً إِلَى ربكُم ولَعلهم يتقُونَ

'അല്ലാഹു നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാൻ പോകുന്ന ഒരു ജനവിഭാഗത്തെ നിങ്ങളെന്തിനാണ് ഉപദേശിക്കുന്നത്? എന്ന് അവരിൽ പെട്ട ഒരു സമൂഹം പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക) അവർ മറുപടി പറഞ്ഞു: നിങ്ങളുടെ രക്ഷിതാവിങ്കൽ (ഞങ്ങൾ) അപരാധത്തിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്. ഒരു വേള അവർ സൂക്ഷ്മത പാലിച്ചെന്നും വരാമല്ലോ' (അഅ്റാഫ്: 164).

فَلَما نسوا ما ذُكروا بِه أَنجينا الذين ينهونَ عن السوءِ وأَخذْنا الذين ظَلَموا بِعذَابٍ بئيسٍ بِما كَانوا يفْسقُونَ * فَلَما عتوا عن ما نهوا عنه قُلْنا لَهم كُونوا قردةً خاسئين * وإِذْ تأَذنَ ربـك لَيبعثَن علَيهم إِلَى يومِ الْقيامة من يسومهم سوءَ الْعذَابِ إِن ربك لَسرِيع الْعقَابِ وإِنه لَغفُـور رحيم

'എന്നാൽ അവരെ ഓർമപ്പെടുത്തിയിരുന്നത് അവർ മറന്നു കളഞ്ഞപ്പോൾ ദുഷ്പ്രവൃത്തിയിൽ നിന്ന് വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളായ ആളുകളെ അവർ ധിക്കാരം കാണിച്ചിരുന്നതിന്റെ ഫലമായി നാം

കഠിനമായ ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു. അങ്ങനെ അവരോട് വിലക്കപ്പെട്ടതിന്റെ കാര്യത്തിലെല്ലാം അവര്‍ ധിക്കാരം പ്രവര്‍ത്തിച്ചപ്പോള്‍ നാം അവരോട് പറഞ്ഞു: നിങ്ങള്‍ നിന്ദ്യന്‍മാരായ കുരങ്ങന്‍മാരായിക്കൊള്ളുക. അവരുടെ (ഇസ്രായീല്യരുടെ) മേല്‍ ഉയിര്‍ത്തെഴുന്നേല്‍പിന്റെ നാളുവരെ അവര്‍ക്കു ഹീനമായ ശിക്ഷ ഏല്‍പിച്ച് കൊണ്ടിരിക്കുന്നവരെ നിന്റെ രക്ഷിതാവ് നിയോഗിക്കുക തന്നെ ചെയ്യുമെന്ന് അവന്‍ പ്രഖ്യാപിച്ച സന്ദര്‍ഭവും ഓര്‍ക്കുക. തീര്‍ച്ചയായും നിന്റെ രക്ഷിതാവ് അതിവേഗം ശിക്ഷ നടപ്പാക്കുന്നവനാണ്. തീര്‍ച്ചയായും അവന്‍ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ' (അഅ്റാഫ്: 165– 167).

**പ്രത്യേകത**

عن أَبِي مسعود الْأَنصارِي قَالَ جاءَ رجلٌ إِلَى النبِي صلى الله علَيه وسلم فَقَالَ إِني أُبدع بِي فَاحملْنِي فَقَالَ ما عندي فَقَالَ رجلٌ يا رسولَ الله أَنا أَدله علَى من يحملُه فَقَالَ رسولُ اللـه صلى الله علَيه وسلم من دل علَى خيرٍ فَلَه مثْلُ أَجرِ فَاعله

അബൂമസ്ഊദ് അല്‍ അന്‍സാരി(ﷺ)വില്‍ നിന്ന്, നബി(ﷺ)യുടെ അടുത്തേക്ക് ഒരാള്‍ വന്നുകൊണ്ട് പറയുകയുണ്ടായി: 'ഞാന്‍ വാഹനം നഷ്ടപ്പെട്ട് അവശനായിട്ടുണ്ട്, നിങ്ങള്‍ എന്നെ സഹായിക്കണം, തിരുമേനി പറഞ്ഞു: എന്റെയടുത്ത് ഒന്നുമില്ല, അപ്പോള്‍ ഒരാള്‍ പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരെ, അദ്ദേഹത്തെ സഹായിക്കുവാന്‍ കഴിയുന്ന ഒരാളെ ഞാന്‍ അദ്ദേഹത്തിന് കാണിച്ച് കൊടുക്കാം, ആ സന്ദര്‍ഭം റസൂലുല്ലാഹ് പറയുകയുണ്ടായി: ആരെങ്കിലും ഒരു നന്മ സൂചിപ്പിച്ച് കൊടുക്കുകയാണെങ്കില്‍ അവന്‍ അത് ചെയ്യുന്നവനെ പോലെയാകുന്നു' (മുസ്ലിം)

عن سهلِ بنِ سعد رضي الله عنه سمع النبِي صلى الله علَيه وسلم يقُولُ يوم خيبر ... فَوالله لَأَنْ يهدى بِك رجلٌ واحد خير لَك من حمرِ النعمِ

സഅ്ല്‍ബ്നു സഅ്ദ്(ﷺ)വില്‍ നിന്ന്, ഖൈബര്‍ യുദ്ധവേളയില്‍ (അലി(ﷺ)വിനോട്) നബി(ﷺ) പറയുന്നതായി ഞാന്‍ കേട്ടു: 'അല്ലാഹു തന്നെയാണ് സത്യം! താങ്കള്‍ മുഖേന ഒരാള്‍ സന്മാര്‍ഗത്തിലാകുന്നതാണ് ഒരു ചുവന്ന ഒട്ടകം ലഭിക്കുന്നതിനേക്കാള്‍ ഉത്തമമായിട്ടുള്ളത്' (ബുഖാരി).

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله رب العالمين